'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലെ യന്ത്രവൽക്കരണം - നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.469/2020/LSGD തീയതി,തിരുവനന്തപുരം, 25/02/2020

---

പരാമർശം :- ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടറുടെ 01/01/2020-ലെ A3/CKCL/2019/T1 നം കത്ത്

<u>ഉത്തരവ്</u>

ഷ്രെഡിംഗ് മെഷീന്റെ വിലയിൽ ഭീമമായ വർദ്ധനവുണ്ടായിട്ടുള്ള സാഹചര്യത്തിൽ ഇനി ആരംഭിക്കുന്ന ആർ.ആർ.എഫുകളിൽ (നിലവിൽ പ്രോജക്ട് വെച്ചവയുൾപ്പടെ) ബെയിലിംഗ് മെഷീൻ മാത്രം അനുവദിക്കാവുന്നതായിരിക്കും ഉചിതമെന്നും നിലവിൽ ഷ്രെഡിംഗ് മെഷീൻ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ഒരു ഡസ്റ്റ് റിമൂവർ കൂടി നൽകുന്നത് ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുവാൻ സഹായിക്കുമെന്നും ക്ലീൻ കേരള കമ്പനി നിശ്ചയിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ, ബെയിലിംഗ് മെഷീൻ, ഡസ്റ്റ് റിമൂവർ എന്നിവ ടെണ്ടർ നടപടി പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാവുന്നതാണെന്ന് ക്ലീൻ കേരള കമ്പനിയുടെ ഇരുപത്തിയൊമ്പതാമത് ഡയറക്ടർബോർഡ് മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ടെന്നും ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടർ പരാമർശം(1) കത്ത് പ്രകാരം അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലെ (RRF) യന്ത്രവൽക്കരണം സംബന്ധിച്ച് താഴെ പറയുന്ന നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ഇനി ആരംഭിക്കുന്ന ആർ.ആർ.എഫുകളിൽ (നിലവിൽ പ്രോജക്ട് വച്ചവയുൾപ്പടെ) ബെയിലിംഗ് മെഷീൻ മാത്രം സ്ഥാപിച്ചാൽ മതിയാകും.
- ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നിലവിൽ ഷ്രെഡിംഗ് മെഷീൻ പ്രവർത്തിക്കുന്ന ആർ.ആർ.എഫ്-കളിൽ ഒരു ഡസ്റ്റ് റിമൂവർ കൂടി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- ആർ.ആർ.എഫ്.കളിലേക്കുള്ള മെഷീനുകൾ ക്ലീൻ കേരള കമ്പനി നിശ്ചയിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷനിൽ ടെണ്ടർ നടപടികൾ പാലിച്ചുകൊണ്ട് തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് വാങ്ങേണ്ടതാണ്.

- യന്ത്രങ്ങൾ വിതരണം ചെയ്തിട്ടും നാളിതുവരെ പ്രവർത്തനക്ഷമമാകാത്ത ആർ.ആർ.എഫ് കൾ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/ E& RSA)കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.02.26 1?:?3:50 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്